"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പാറ്റൂർ - ചൂരക്കാട്ട്പാളയം റോഡ് - ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 371/05 നമ്പർ കേസ് - ബാലൻസ് വിധിക്കടത്തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1510/2025/LSGD തീയതി, തിരുവനന്തപുരം, 19-06-2025**

പരാമർശം:- 1. സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റിയുടെ 18/01/2025 തീയതിയിലെ എ3/3724/2005/ട്രിഡ നമ്പർ കത്ത്.

2. സ.ഉ.(സാധാ) നം. 3998/2025/ധന, തീയതി, 02/05/2025.

3. സ.ഉ.(സാധാ) നം. 1500/2025/ത.സ്വ.ഭ.വ, തീയതി, 18/06/2025.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 371/2005 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 2,39,49,015/- രൂപ (രണ്ട് കോടി മുപ്പത്തിയൊമ്പത് ലക്ഷത്തി നാല്പത്തിയൊമ്പതിനായിരത്തി പതിനഞ്ച് രൂപ മാത്രം) അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (1) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച എൽ.എ.ആർ. 371/2005 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 2,39,49,015/- രൂപ (രണ്ട് കോടി മുപ്പത്തിയൊമ്പത് ലക്ഷത്തി നാല്പത്തിയൊമ്പതിനായിരത്തി പതിനഞ്ച് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീമതി റഫീക്ക-യ്ക്ക് അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (2) പ്രകാരം 4217-60-800-93 - Payment of Compensation in LAR Cases (Plan Charged) എന്ന ശീർഷകത്തിൽ 2,39,50,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും അടിസ്ഥാനത്തിൽ പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ മണക്കാട് വില്ലേജിൽ സർവ്വേ നം. 1233/1 (LA Re. Sy. No. 1236/6)-ൽപ്പെട്ട 7.50 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 371/2005 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 2,39,49,015/- രൂപ (രണ്ട് കോടി മുപ്പത്തിയൊമ്പത് ലക്ഷത്തി

നാല്പത്തിയൊമ്പതിനായിരത്തി പതിനഞ്ച് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീമതി റഫീക്ക-യ്ക്ക് അനുവദിക്കുന്നതിന് 4217-60-800-93 Payment of compensation in LAR Cases (Plan - Charged) എന്ന ശീർഷകത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നിസ്സാം എസ് എ**

**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവിനന്തപുരം വികസന അതോറിറ്റി.
ശ്രീമതി റഫീക്ക, റ്റി.സി.49/90(1), റഫീക്ക മൻസിൽ, മണക്കാട് പി.ഒ., തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ.), തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ.1/378 /2024/ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 19-06-2025 15:48:42
സെക്ഷൻ ഓഫീസർ